Adjournment Motions.

(1) *Re. appointment of a committee to inquire into the work of the Protector of the Depressed classes.*

പ്രസിഡൻറ്.—ബഹുമാനപ്പെട്ട അധഃകൃതവർഗ്ഗ പ്രതിനിധി കെ. പി. വള്ളോൻ അവർകൾ രൂപം പതിനെട്ടുപ്രകാരം ഒരു അടിയന്തിര പ്രമേയം സമർപ്പിച്ചിട്ടുള്ളതു് സ്വീകരിയ്ക്കണമെന്നുള്ള അപേക്ഷയാണ് വന്നിരിയ്ക്കുന്നതു. ഇതാണ് അപേക്ഷ. "പതിനെട്ടാം രൂപംപ്രകാരം ഈ നിയമസഭയുടെ പ്രവൃത്തികൾ നിർത്തിവെച്ചു് പൊതുജനങ്ങൾക്കു പ്രാധന്യമേറിയതും അത്യാവശ്യം ഉടനെ നടത്തേണ്ടതും, താഴ്ന്നക്ലിഷ്ടപ്പെട്ടുന്നതുമായ ഗൌരവമായ വിഷയത്തെപറ്റി വാദപ്രതിവാദം നടത്തുന്നതിനു് അനുവാദം തരുവാനപേക്ഷ.

"അധഃകൃത സംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽനിന്നും ചെയ്യിയ്ക്കുന്ന മരാമത്തു വേലകൾ, പുസ്തകം മുതലായവയുടെ കൺട്രാക്ടു് മുതലായ ചണമിടപെട്ട കാര്യങ്ങൾ പൊതുവിൽ ടെൻറർ കൂടാതേയും സഹകാര്യമായും നടത്തിവരികയാൽ ചണമിടപെട്ട പലേ കൃഷിപ്പണികളും അനവധി ആളുകളുടെ ആവലാതികളും ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിയ്ക്കുകയും വരുച്ചുകളേയും കണക്കുകളേയും സംബന്ധിച്ചു് ഈയിടെ വലിയ കൃഷിപ്പണികളും പരാതികളും സംഭവിയ്ക്കുകയും ചെയ്തിരിക്കുന്നതുവന്നറിയുകയാൽ ഇക്കാര്യത്തിൽ ഉടനെ തക്കതായ ഒരു കമ്മിറ്റിയെ നിയമിച്ചു് അവരെക്കൊണ്ടു് കർശനമായ അന്വേഷണംനടത്തി പരിഹാരമുണ്ടാക്കുവാൻ ഗവർമ്മെൻറിനോടപേക്ഷിയ്ക്കുവാൻ" ഇതാണ് പ്രമേയം.

ഈ രൂപകം ഞാൻ ഇവിടെ വായിച്ചു് ഈ സഭയെപ്രതിപാദിച്ചു് ഓർമ്മിപ്പിയ്ക്കേണ്ട ആവശ്യമില്ല. എങ്കിലും ഇതിനു് ഒരു വകുപ്പു മാത്രം പറയേണ്ടതായിട്ടു വന്നിരിയ്ക്കുന്നു.

"The right to move the adjournment of the Council for the purpose of discussing a definite matter of urgent public importance shall be subject to the following restrictions" etc.

ഇതിൽ ഒരു പ്രത്യേക വാക്കിനെ ബഹുമാനപ്പെട്ട മെമ്പറുടെ ദൃഷ്ടിയിൽപെടുത്തേണ്ടതായിട്ടുണ്ടു്. ഇതിൽ അർജൻറ് പബ്ലിക്ക് ഇമ്പാർട്ടൻസ് (urgent public importance) എന്നാണ പറഞ്ഞിരിയ്ക്കുന്നതു്. അതുകൊണ്ടു് ഈ റസല്യൂഷൻ ഈ നിയമത്തിൽ പെടുന്നതായിട്ടു് എനിയ്ക്കഭിപ്രായം തോന്നുന്നില്ല.

രണ്ടാമതു് ഒരു സംഗതികൂടി പറയുവാനുണ്ടു്. ഈ ബഹുമാനപ്പെട്ട മെമ്പർതന്നെ ഇക്കാര്യത്തിൽ ഒരു കട്ടുമോഷ്ൻ കൊടുത്തിട്ടുണ്ടു്. കട്ടുമോഷൻ നമ്പർ ൧൫.—

"To reduce the allotment of Rs. 94,823 for Uplift of the Depressed classes by—Re. 1.

LIBRARY ARCHIVES Kerala Legislative Assembly

"അധഃകൃത സംരക്ഷണ ഡിപ്പാർട്ട്മെൻറിന്റെ ഭരണത്തെപ്പറ്റിയും, സംഘകൃഷി ചിലവഴിക്കുന്നതിനെപ്പറ്റിയും മറ്റും സമഷ്ടിയായി അനേഷിച്ച് ഒരു റിപ്പോർട്ട് വരുത്തുന്നതിനും ഉദ്യോഗസ്ഥന്മാരും അർദ്ധോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിറ്റി നിയമിയ്ക്കേണ്ടതിനെപ്പറ്റി പ്രസ്താവിയ്ക്കുവാൻ ഈ പ്രമേയം ഒരു കാരണവശാലും ഇതു സ്വീകരിയ്ക്കുവാൻ തക്കതല്ലെന്നാണ് പറയേണ്ടിവന്നിരിയ്ക്കുന്നത്".

Hence the motion was ruled out of order.

2. Agricultural Indebtedness.

പ്രസിഡൻറ്.—മുൻപറഞ്ഞ രീതി അനുസരിച്ചുതന്നെ ഒരു പ്രമേയംകൂടി വാദപ്രതിവാദം നടത്തുവാൻവേണ്ടി വേറെ ഒരു മെമ്പർ സമർപ്പിച്ചിട്ടുണ്ട്. അതായത് ബഹുമാനപ്പെട്ട കുങ്ങഗന്നൂർ മെമ്പരുടെ അപേക്ഷയാണിത്.

"Under Rule 18 I request leave for an adjournment to discuss a definite matter of urgent public importance, namely, *the recent developments* of Agricultural Indebtedness in the State.

ഇതും സ്വീകരിയ്ക്കുവാനായിട്ടുള്ള മാർഗ്ഗം കാണുന്നില്ല. ഒന്നാമത് അർജൻറ് പബ്ലിക്ക് ഇമ്പാർട്ടൻസ് (urgent public importance) എന്നുള്ള ആ കാളിഫിക്കേഷൻ അനുസരിച്ചിട്ടില്ല. പിന്നെവേറെയും പല കാരണങ്ങളുണ്ട്. അവയെല്ലാം വിവരിച്ചു പറയണമെന്നു വിചാരിക്കുന്നില്ല. അഗ്രികൾച്ചറൽ ഇൻഡെബ്ടെഡ്നസ (agricultural indebtedness) എപ്പറ്റി ധാരാളം വാദപ്രതിവാദം ഈ സഭയിൽ ഉണ്ടായിട്ടുള്ളതുകൊണ്ട് ഇതും സെക്ഷനു വിരോധമായിട്ടാണെകാണുന്നത്. അതുകൊണ്ട് ഇതും അനുവദിക്കുവാൻ തരം കാണുന്നില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഞാൻ എക്സ്പ്ലൈൻചെയ്യുമനസ്സിലാക്കിതരാം.

പ്രസിഡൻറ്.—അതിനുള്ള കാരണങ്ങൾ കാണുവാനില്ല.

Hence the motion was ruled out of order.

Point of order:—*re: allotment of business on non-official days.*

Mr. T. K. Nayar.—On a point of order, Sir. According to Standing Order 6 (1) the Diwan, at the commencement of a Session has power to allot some days for the non-official business and accordingly he has allotted this Saturday, the 28th of Karkadagam, for non-official business. To-day, according to the supplementary Agenda supplied to us, after Questions and Aswers, the discussions on the budget grants that have not been put to vote will continue and will have precedence over the non-official business. In my humble opinion it is against

LIBRARY ARCHIVES Kerala Legislative Assembly